25.11.2023

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)25/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ബാലുശ്ശേരി, എലത്തൂർ,കോഴിക്കോട് നോർത്ത് - സൗത്ത് എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" 2024 ജനുവരി 1 ന് വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

3. ഡിസംബർ 5 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്ത് പ്രവർത്തിക്കുന്ന മണ്ണ് പരിശോധന ശാലകൾ സംയുക്തമായി ചേർന്ന് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി മണ്ണ് ദിനവുമായി ബന്ധപ്പെട്ട ക്വിസ്, ചിത്ര രചന, പ്രസംഗമത്സരം എന്നിവ സംഘടിപ്പിക്കുന്നു. 30.11 2023ന് പാറോട്ടുകോണം സെൻട്രൽ സോയിൽ ആൻഡ് പ്ലാന്റ് ഹെൽത്ത് സെന്റർ ഹാളിൽ വച്ച് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും ആയി അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് 9349325699, 9383471516 എന്ന ഫോൺ നമ്പറുകളിലോ mstl.tvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലന പരിപാടി

4. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് 28/11/23, രാവിലെ 10 മണി മുതൽ 5 മണി വരെ **പോത്തുകുട്ടി പരിപാലനം** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഇന്ന് (നവംബർ 25 ന്) **"പോത്തുകുട്ടി പരിപാലനം"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. റബ്ബർബോർഡിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.) കൊടുത്തിരുന്ന ഐ.എസ്./ഐ.എസ്.ഒ. 9001:2015 സർട്ടിഫിക്കേഷൻ മൂന്നു വർഷത്തേയ്ക്ക് പുതുക്കി നൽകി. റബ്ബർബോർഡിന് ആദ്യമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചത് 2020-ലാണ്. രാജ്യത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകാൻ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സ്റ്റാൻഡേർഡൈസേഷൻ(ഐ.എ സ്.ഒ.) ചുമതലപ്പെടുത്തിയിട്ടുള്ളത് ബി.ഐ.എസ്.-നെയാണ്. 1947-ലെ റബ്ബർആക്ട് പ്രകാരമുള്ള ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിലും പ്രകൃതിദത്തറബ്ബർമേഖലയുമായി ബന്ധപ്പെട്ടവരുടെ താൽപര്യങ്ങൾ സംരക്ഷി ക്കുന്നതിലും റബ്ബർബോർഡ് കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തിയശേഷമാണ് ബി.ഐ.എസ്. ഐ.എസ്.ഒ. അംഗീകാരം നൽകിയത്.

7. നവകേരള സദസ്സിന്റെ ഭാഗമായി കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് നവംബർ 27ന് പെറ്റ് ഡോഗ് മാനേജ്മെൻറ്, 28ന് മുട്ടക്കോഴി വളർത്തൽ, 29ന് ഇറച്ചിക്കോഴി വളർത്തൽ എന്നീ വിഷയത്തിൽ പരിശീലനം നൽകുന്നു. ഈ പരിശീലന ക്ലാസിൽ കണ്ണൂർ, കാസർകോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർക്ക് പങ്കെടുക്കാവുന്നതാണ്.

8. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ **മുയൽ വളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഇന്ന് (നവംബർ 25ന്) രാവിലെ 10 മണി മുതൽ 1 മണിവരെ നൽകുന്നു. താല്പര്യമുള്ളവർക്ക് 0466 2212279, 2912008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.